**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 624** **28-01-2026 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന വ്യവസായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് വഴി കുന്നത്തുനാട് മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഇയർ ഓഫ് എന്റർപ്രൈസസ് (1.0), (2.0), (3.0) & (4.0) പദ്ധതിയുടെ ഭാഗമായുള്ള ജനറൽ ഓറിയന്റേഷൻ ട്രെയിനിങ് പ്രോഗ്രാമിന് 4 ഘട്ടങ്ങളിലായി 1,92,000/- രൂപയും ലോൺ, ലൈസൻസ് സബ്സിഡി മേളയുടെ ഭാഗമായി 80,000/- രൂപയും എന്റർപ്രണർഷിപ്പ് അവയർനെസ്സ് പ്രോഗ്രാമിന് 56,000/- രൂപയും എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ പരിപാടിയ്ക്ക് 24,000/- രൂപയും സംരംഭക സഭയ്ക്ക് 40,000/- രൂപയും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ ഇൻഷ്വറൻസ് പദ്ധതിയിൽ കുന്നത്തുനാട് താലൂക്കിൽ 3,82,439/- രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>ഈയർ ഓഫ് എന്റർപ്രൈസസ് പദ്ധതിയുടെ 3 ഘട്ടങ്ങൾ അവസാനിച്ചു. ഈ പദ്ധതികൾ വഴി കണ്ടെത്തിയ വ്യവസായ യൂണിറ്റുകളുടെ sustainability സർവ്വേ നടത്തി വരുന്നു. നാലാം ഘട്ടത്തിലെ യൂണിറ്റുകളുടെ ഡാറ്റ എൻട്രി നടന്നു വരുന്നു. മിഷൻ 1000, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ ഇൻഷ്വറൻസ് പദ്ധതി എന്നിവയുടെ അപേക്ഷകൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ സ്വീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2960 സംരംഭങ്ങൾ ആരംഭിക്കുകയും 315 കോടി രൂപയുടെ നിക്ഷേപങ്ങൾ ഉണ്ടാവുകയും 7043 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഓരോ പദ്ധതിയ്ക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | എ പിരിവിൽ കണ്ടാലും. |
| (സി) | ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ? | (സി) | എ പിരിവിൽ കണ്ടാലും. |

സെക്ഷൻ ഓഫീസർ